150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020-21 അദ്ധ്യയന വർഷം , ബിരുദ /ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുള്ള പ്രവേശനം - ഗവൺമെന്റ് കോളേജ്, കട്ടപ്പന - മാർജിനൽ സീറ്റ് വർദ്ധനവിനുള്ള ഫീസടച്ചാൽ മാർജിനൽ വർദ്ധനവ് അനുവദിക്കുന്നതിന് തീരുമാനിച്ച്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5178/AC A 1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 05.11.2020

---

*പരാമർശം:*-1. കട്ടപ്പന,ഗവ.കോളേജ് പ്രിൻസിപ്പാൾ 24.07.2020 തീയതി സമർപ്പിച്ച അപേക്ഷ നം. B3/743/2020/GCKTPNA

2. 13.10.2020 തീയതി കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ ഇനം.നം.36/20.05/34265/ACA1-3/2020 തീരുമാനം.

**<u>ഉത്തരവ്</u>**

കട്ടപ്പന ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൾ ടി കോളേജിൽ നടത്തപ്പെടുന്ന ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2020-21 അദ്ധ്യയന വർഷം മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർവ്വകലാശാല പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം നിശ്ചിതസമയത്തിനുള്ളിൽ ഫീസടച്ച് അപേക്ഷിക്കുന്നതും, സർവ്വകലാശാലയിൽ ഫീസ് കുടിശ്ശിക ഇല്ലാത്തതുമായ കോളേജുകൾക്കാണ് മാർജിനൽ വർദ്ധനവ് അവദിക്കാറുള്ളത്. ഗവൺമെന്റ് കോളേജുകളേയും ടി നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

കട്ടപ്പന ഗവ. കോളേജ് മാർജിനൽ സീറ്റ് വർദ്ധനവിനായി സർവ്വകലാശാല വിജ്ഞാപനപ്രകാരമുള്ള തീയതിക്കുശേഷം സർവ്വകലാശാലയുടെ പൊതു പ്രവേശന പോർട്ടലിലൂടെ ഓൺലൈനായല്ലാതെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കൂടാതെ, മാർജിനൽ സീറ്റ് വർദ്ധനവിനായുള്ള ഫീസും ടി കോളേജ് അടച്ചിരുന്നില്ല.

ആയതിനാൽ ടി വിഷയം 13.10.2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരിഗണിക്കുകയും പരാമർശം (2) പ്രകാരം 'കട്ടപ്പന ഗവ.കോളേജ് റിമോട്ട് ഏരിയയിൽ ആയതിനാൽ പ്രത്യേക പരിഗണന നൽകി മാർജിനൽ സീറ്റ് വർദ്ധനവിനുള്ള ഫീസ് അടച്ചാൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതിന് തീരുമാനിച്ചു'.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #2 of File 34265/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Nov-2020 08:41 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

1.പ്രിൻസിപ്പാൾ, ഗവൺമെന്റ് കോളേജ്,കട്ടപ്പന
2. വി.സി/ പി.വി.സി എന്നിവരുടെ പി.എസ് മാർ
3.രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, എന്നിവരുടെ പി.എ മാർ.
4.എസി.സി.1 , എസി.സി.2/ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5.പി.ആർ.ഒ , കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ.
6. റെക്കോർഡ്സ്, സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 34265/AC A1-3/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 05-Nov-2020 08:41 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം